**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 55** **09-08-2023 - ൽ മറുപടിയ്ക്ക്**

**നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. പി. ജെ. ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിന്നും പിരിക്കുന്ന കേന്ദ്ര നികുതികളുടെ അർഹമായ വിഹിതം സംസ്ഥാനത്തിന് ലഭിക്കുന്നുണ്ടോ; നികുതി വിഹിതം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഓരോ കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് വരുമ്പോഴും കേന്ദ്ര നികുതി വരുമാനത്തിന്റെ ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിനുള്ള വിഹിതം കുറഞ്ഞുവരികയാണ്. 1980-1985-ൽ 3.950 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം 2000-2005 ആയപ്പോഴേക്കും 3.057 ശതമാനമായി കുറഞ്ഞു. 2021-2026-ൽ അത് വീണ്ടും 1.925 ശതമാനമായി കുറഞ്ഞു. ജനസംഖ്യാ നിയന്ത്രണ നടപടികൾ കാര്യക്ഷമമായി നടപ്പാക്കിയതും വികസന നേട്ടങ്ങൾ ആർജ്ജിച്ചതും കേരളത്തിന്റെ വിഹിതം കുറയുന്നതിന് കാരണമാകുന്ന സ്ഥിതിയാണുണ്ടാക്കിയത്. അശാസ്ത്രീയമായി മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് കാരണമാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇത് അങ്ങേയറ്റം വിവേചനപരവും പൊതുവായി ചർച്ച ചെയ്യപ്പെടേണ്ടതുമാണ്. സംസ്ഥാനത്തിന്റെ നികുതി വിഹിതം ക്രമാതീതമായി കുറഞ്ഞു വരുന്നതിനുള്ള ആശങ്ക പതിനഞ്ചാം ധനകാര്യ കമ്മീഷൻ മുമ്പാകെ 2018 മെയ് മാസം സമർപ്പിച്ച മെമ്മോറാണ്ടത്തിൽ വിശദമായി ഉൾപ്പെടുത്തിയിരുന്നു. ഇത്തരത്തിലുള്ള കുറവ് നികത്തുന്നതിനായി കമ്മീഷന്റെ പരിഗണനയ്ക്കായി നികുതി വിഹിതം നിശ്ചയിക്കുന്ന മാനദണ്ഡങ്ങളിൽ ചില മാറ്റങ്ങൾ സംസ്ഥാനം മുന്നോട്ട് വച്ചിരുന്നു. 2011 സെൻസസ് പ്രകാരം വെയിറ്റേജ് നിശ്ചയിക്കണമെന്നും ജനസംഖ്യാപരമായി ആർജ്ജിച്ച നേട്ടങ്ങൾക്ക് ജനസംഖ്യാ അനുപാതത്തിന് നൽകുന്നതിന് തുല്യ വെയിറ്റേജ് നൽകണമെന്നും വരുമാനാന്തരത്തിനുള്ള പതിനാലാം ധനകാര്യ കമ്മീഷൻ നിശ്ചയിച്ച 50 ശതമാനം വെയിറ്റേജ് 20 ശതമാനമാക്കി കുറയ്ക്കണമെന്നും മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനു പുറമെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ മുമ്പാകെ 2020 മാർച്ച് മാസം സമർപ്പിച്ച പുതുക്കിയ മെമ്മോറാണ്ടത്തിൽ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിലുണ്ടായ കുറവ് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത നികുതി വിഹിതം ലഭിക്കുന്നതിനായി കേന്ദ്രത്തിന് സമർപ്പിച്ച നിവേദനത്തിലെ നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | ഓരോ കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് വരുമ്പോഴും കേന്ദ്ര നികുതി വരുമാനത്തിന്റെ ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിനുള്ള വിഹിതം കുറഞ്ഞുവരികയാണ്. 1980-1985-ൽ 3.950 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം 2000-2005 ആയപ്പോഴേക്കും 3.057 ശതമാനമായി കുറഞ്ഞു. 2021-2026-ൽ അത് വീണ്ടും 1.925 ശതമാനമായി കുറഞ്ഞു. ജനസംഖ്യാ നിയന്ത്രണ നടപടികൾ കാര്യക്ഷമമായി നടപ്പാക്കിയതും വികസന നേട്ടങ്ങൾ ആർജ്ജിച്ചതും കേരളത്തിന്റെ വിഹിതം കുറയുന്നതിന് കാരണമാകുന്ന സ്ഥിതിയാണുണ്ടാക്കിയത്. അശാസ്ത്രീയമായി മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് കാരണമാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇത് അങ്ങേയറ്റം വിവേചനപരവും പൊതുവായി ചർച്ച ചെയ്യപ്പെടേണ്ടതുമാണ്. സംസ്ഥാനത്തിന്റെ നികുതി വിഹിതം ക്രമാതീതമായി കുറഞ്ഞു വരുന്നതിനുള്ള ആശങ്ക പതിനഞ്ചാം ധനകാര്യ കമ്മീഷൻ മുമ്പാകെ 2018 മെയ് മാസം സമർപ്പിച്ച മെമ്മോറാണ്ടത്തിൽ വിശദമായി ഉൾപ്പെടുത്തിയിരുന്നു. ഇത്തരത്തിലുള്ള കുറവ് നികത്തുന്നതിനായി കമ്മീഷന്റെ പരിഗണനയ്ക്കായി നികുതി വിഹിതം നിശ്ചയിക്കുന്ന മാനദണ്ഡങ്ങളിൽ ചില മാറ്റങ്ങൾ സംസ്ഥാനം മുന്നോട്ട് വച്ചിരുന്നു. 2011 സെൻസസ് പ്രകാരം വെയിറ്റേജ് നിശ്ചയിക്കണമെന്നും ജനസംഖ്യാപരമായി ആർജ്ജിച്ച നേട്ടങ്ങൾക്ക് ജനസംഖ്യാ അനുപാതത്തിന് നൽകുന്നതിന് തുല്യ വെയിറ്റേജ് നൽകണമെന്നും വരുമാനാന്തരത്തിനുള്ള പതിനാലാം ധനകാര്യ കമ്മീഷൻ നിശ്ചയിച്ച 50 ശതമാനം വെയിറ്റേജ് 20 ശതമാനമാക്കി കുറയ്ക്കണമെന്നും മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനു പുറമെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ മുമ്പാകെ 2020 മാർച്ച് മാസം സമർപ്പിച്ച പുതുക്കിയ മെമ്മോറാണ്ടത്തിൽ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിലുണ്ടായ കുറവ് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. |
| (സി) | നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം മാർഗങ്ങളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്തിന്റെ തനത് നികുതി വരുമാന കുടിശിക പിരിച്ചെടുക്കുന്നത് സംബന്ധിച്ച് വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ വകുപ്പ് തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>**<u>സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്</u>**<br><br>സംസ്ഥാനത്തിന്റെ തനത് നികുതി വരുമാന കുടിശ്ശിക പിരിച്ചെടുക്കുന്നതിനു ജി.എസ്.ടി. വകുപ്പ് കാര്യക്ഷമമായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വകുപ്പ് തലത്തിലും തഹസിൽദാർ (ആർ.ആർ) തലത്തിലും റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക തീർപ്പാക്കൽ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്. ഇതുകൂടാതെ റവന്യൂ റിക്കവറിയുടെ പ്രാധാന്യം കണക്കിലെടുത്തു പുനഃസംഘടിപ്പിച്ച വകുപ്പ് സംവിധാനത്തിൽ ഓരോ ജില്ലയിലും കുടിശ്ശിക |

| | | | |
|---|---|---|---|
| | | | പിരിച്ചെടുക്കുന്നതിനുവേണ്ടി മാത്രമായി പ്രത്യേക ഉദ്യോഗസ്ഥ സംവിധാനത്തെ വിന്യസിച്ചിട്ടുണ്ട്.<br><br>**<u>മോട്ടോർ വാഹന വകുപ്പ്</u>**<br><br>നികുതി കുടിശ്ശിക വരുത്തുന്ന വാഹന ഉടമകൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ വഴി കുടിശ്ശിക പിരിച്ചെടുക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. അതുപോലെതന്നെ നികുതി അടയ്ക്കാതെ നിരത്തിലോടുന്ന വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനും ഇത്തരം വാഹനങ്ങളിൽ നിന്ന് നികുതി പിരിച്ചെടുക്കുന്നതിന് വാഹനങ്ങൾ ലേലം ചെയ്തു വിൽക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മാത്രമല്ല വകുപ്പിൽ പിരിഞ്ഞുകിട്ടാൻ സാധ്യതയില്ലാത്ത നികുതി കുടിശ്ശികയിൽ ഒരു ഭാഗമെങ്കിലും ലഭ്യമാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. നികുതി കുടിശ്ശിക വരുത്തിയ ഒരു വാഹനവും നിരത്തിലോടുന്നില്ല എന്ന് ഉറപ്പുവരുത്തുവാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br><br>**<u>ലാൻഡ് റവന്യൂ കമ്മീഷണർ</u>**<br><br>ഓരോ വർഷവും കുടിശ്ശിക വരുന്ന തുക തൊട്ടടുത്ത വർഷം മുതലിൽ ചേർത്ത് പലിശ ഉൾപ്പെടെ പിരിവ് വരുത്തുന്നുണ്ട്. ഓരോ വർഷവും (കോവിഡ് വ്യാപനം ഉണ്ടായിരുന്ന വർഷം ഒഴികെ) സാമ്പത്തിക വർഷത്തിന്റെ പകുതിയോടുകൂടി സ്പെഷ്യൽ ഡ്രൈവ് നടത്തിയും, കോടതിയുമായി ബന്ധപ്പെട്ട് സ്റ്റേയില്ലുള്ള കേസുകളിൽ പരമാവധി കേസുകൾ തീർപ്പാക്കി, പിരിവ് വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>**<u>രജിസ്ട്രേഷൻ വകുപ്പ്</u>**<br><br>ആധാരങ്ങളുടെ അണ്ടർ വാല്യുവേഷനുമായി ബന്ധപ്പെട്ട തുകകൾ പിരിച്ചെടുക്കാനായി ഒരു കോമ്പൗണ്ടിംഗ് പദ്ധതി പ്രഖ്യാപിച്ചിരുന്നു. ടി തുകകൾ പിരിച്ചെടുക്കുന്നതിനായി പ്രസ്തുത കോമ്പൗണ്ടിംഗ് പദ്ധതിയുടെ പരമാവധി പ്രചരണം നടത്തുകയും അദാലത്തുകൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു.<br><br>**<u>എക്സൈസ് വകുപ്പ്</u>**<br><br>2001 വരെയുള്ള അബ്കാരി കുടിശ്ശികയാണ് എക്സൈസ് വകുപ്പിൽ നിലവിലുള്ളത്. ആയത് ആനംസ്റ്റി മുഖേന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |
| (ഡി) | സംസ്ഥാനത്തിന്റെ യഥാർത്ഥ | (ഡി) | കിഫ്ബി, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനി തുടങ്ങി |

| | | | |
|---|---|---|---|
| | വായ്പാവകാശം കേന്ദ്രസർക്കാർ കുറച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; ബഡ്ജറ്റിന് പുറത്തുള്ള വായ്പകൾ സംസ്ഥാനത്തിന്റെ പൊതുകടമായി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; | | ബജറ്റിനു പുറത്ത് ധനം സമാഹരിക്കുന്ന സ്ഥാപനങ്ങളുടെ ബാധ്യതയെ സംസ്ഥാന സർക്കാരിന്റെ ബാധ്യതയായി കണക്കാക്കിയും സംസ്ഥാനത്തിന്റെ പബ്ലിക് അക്കൗണ്ടിലുള്ള നീക്കിയിരിപ്പുകൾ കടബാധ്യതയായി കണക്കാക്കിയും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കേന്ദ്രം വലിയ രീതിയിലുള്ള കുറവാണ് നടപ്പ് സാമ്പത്തിക വർഷം നടത്തിയിട്ടുള്ളത്. |
| (ഇ) | സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനും നികുതി ചോർച്ച ഒഴിവാക്കുന്നതിനും നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ഇ) | ചരക്കു സേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർദ്ധനവിനുള്ള ഇടപെടലുകൾക്ക് പരിമിതികളും നിയന്ത്രണങ്ങളുമുണ്ടായി. ഈ സാഹചര്യത്തിൽ നികുതി പിരിവ് കാര്യക്ഷമമാക്കിക്കൊണ്ടും നികുതിയേതര വരുമാനം ഉയർത്തിയും സാമൂഹ്യ ക്ഷേമ ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുന്നതിലേക്കായി<br>വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടി പിടിപ്പിക്കൽ അടക്കമുള്ള വിവിധയിനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയും ധനദൃഢീകരണം സാധ്യമാക്കുന്നതിനുതകുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. ചരക്കു സേവന നികുതിവകുപ്പിനെ പുനസംഘടിപ്പിച്ചുകൊണ്ട് നികുതി ചോർച്ച ഫലപ്രദമായി തടയുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ഇതിനകം തന്നെ ചരക്കു സേവന നികുതി വകുപ്പിന് കീഴിൽ തന്നെ ടാക്സ് പെയെർ സർവ്വീസസ്, ആഡിറ്റ്, ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. നികുതിയുടെ രംഗത്ത് ആധുനികവൽക്കരണം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ മോഡൽ 2 GSTN സൊല്യൂഷൻ പ്രയോജനപ്പെടുത്തുകയുണ്ടായി. നികുതിദായകർക്ക് കൃത്യമായി നികുതി നൽകുന്നതിനുള്ള 'ടാക്സ് പേയേഴ്സ് പ്രൊഫൈൽ കാർഡ്' എന്ന സംവിധാനം, പൊതുജനങ്ങൾക്ക് ജി.എസ്.ടി. ഇൻവോയ്സുകൾ അപ്-ലോഡ് ചെയ്യുന്നതിനും നികുതി ദായകരുടെ റിട്ടേൺ ഫയലിംഗ് സ്റ്റാറ്റസ് സംബന്ധിച്ച വിവരങ്ങൾ സർക്കാരിന് പരിശോധിക്കുന്നതിനുമുള്ള ലക്കി ബിൽ സ്കീം എന്ന ആപ്ലിക്കേഷൻ എന്നിവ ഈ രംഗത്ത് പരമാവധി വിഭവ സമാഹാരണം ലക്ഷ്യമിട്ട് സർക്കാർ കൊണ്ടുവന്ന പദ്ധതികളാണ്. |

സെക്ഷൻ ഓഫീസർ